# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4038** **20.03.2018 ൽ മറുപടിയ്ക്ക്**

## ഹൈടെക് കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജെയിംസ് മാത്യു**<br>**ശ്രീ. യു. ആർ. പ്രദീപ്**<br>**ശ്രീ. കെ.ഡി. പ്രസേനൻ**<br>**ശ്രീ. എൻ. വിജയൻ പിള്ള** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | |
|---|---|
| എ) സംസ്ഥാനത്ത് ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | എ) സംസ്ഥാനത്ത് ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ മിനി പോളിഹൗസുകളുടെ നിർമ്മാണം, മഴമറകളുടെ നിർമ്മാണം എന്നിവയ്ക്ക് ധനസഹായം നൽകുന്നു. കൂടാതെ ഹൈടെക് കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി പോളീഹൗസ് സ്ഥാപിക്കുന്നതിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈടെക് ഫാമിംഗ് പദ്ധതിയും, മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിത കൃഷി എന്ന പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |
| ബി) നിലവിൽ ഏതെല്ലാം ഹൈടെക് കൃഷി രീതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ; | ബി) മൂല്യം കൂടിയ പച്ചക്കറികളും, പുഷ്പങ്ങളും ഉത്പാദിപ്പിക്കുന്നതിനായി സൂക്ഷ്മജലസേചന സംവിധാനങ്ങളിലൂടെ കൃത്യമായ അളവിൽ വെള്ളവും വളവും നൽകിക്കൊണ്ടുള്ള പ്രിസിഷൻ ഫാമിംഗ് കൃഷി രീതിയാണ് നിലവിൽ ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. |
| സി) കൃഷിഭവനുകൾ മുഖേന പോളി ഹൗസുകൾ, റെയിൻ ഷെൽട്ടർ തുടങ്ങിയവയ്ക്കായി എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ; | സി) സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറി കൃഷിയ്ക്ക് വേണ്ടി കൃഷി ഭവനുകൾ മുഖേന മിനി പോളി ഹൗസുകളുടെ പ്രോത്സാഹനത്തിനായി 10 ച.മീ, 20 ച.മീ എന്നീ വലിപ്പത്തിലുള്ള ചെറിയ പോളീ ഹൗസുകളുടെ നിർമ്മാണത്തിനായി 75 ശതമാനം സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നു. 100 ച.മീ വലിപ്പത്തിലുള്ള മഴമറകളുടെ |

നിർമ്മാണത്തിനായി ഒരു യൂണിറ്റിന് 50000 രൂപ വീതം ധനസഹായം നൽകുന്നുണ്ട്.

കൃഷിഭവനുകൾ മുഖേന സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള പോളീഹൗസ് നിർമ്മാണം, പോളീഹൗസിലെ കൃഷി എന്നിവയ്ക്കായി ധനസഹായം നൽകുന്നു. ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 400 മുതൽ 4000 ച.മീ വരെ വിസ്തീർണ്ണമുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് 25% ധനസഹായവും മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 4000 ച.മീ വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് 50% ധനസഹായവും കർഷകർക്ക് നൽകി വരുന്നു.

പോളീഹൗസ് നിർമ്മാണത്തിന് നൽകുന്ന സാമ്പത്തിക സഹായത്തിന് ഉപരിയായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പോളീഹൗസിൽ കൃഷി ചെയ്യുന്ന മൂല്യം കൂടിയ പച്ചക്കറികളുടെയും നടീൽ വസ്തുക്കളുടെയും കൃഷിയുടെയും ചെലവിനും കർഷകർക്ക് ച.മീറ്ററിന് 140 രൂപ എന്ന പരിധിക്ക് വിധേയമായി ചെലവിന്റെ 50% ധനസഹായം നൽകുന്നു.

ഡി) മുൻപ് ഇപ്രകാരം സ്ഥാപിക്കപ്പെട്ട പോളി ഹൗസുകളുടെ കാര്യക്ഷമത സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

ഡി) ഉണ്ട്.

ഇ) ഈ മേഖലയിലേയ്ക്ക് കടന്നുവരുന്ന പുതിയ സംരംഭകർക്കായി എന്തെല്ലാം സഹായങ്ങളും പരിശീലനവുമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇ) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ സ്ഥല പരിമിതിയുള്ള കർഷകർക്ക് പോളിഹൗസ് രീതിയിൽ കൃഷി ചെയ്യുന്നതിന് മിനി പോളിഹൗസ് നിർമ്മിക്കുന്നതിന് അഗ്രോ സർവ്വീസ് സെന്ററിലെ തൊഴിലാളികൾക്ക് കേരള കാർഷിക സർവ്വകലാശാലയിൽ പരിശീലനം നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. പരിശീലനം ലഭിച്ച തൊഴിലാളികൾ മുഖേന പോളീഹൗസ് നിർമ്മിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് പരിശീലനം നൽകുകയും ചെയ്യുന്നു.

കർഷകർക്കും യുവജനങ്ങൾക്കും ഹൈടെക് കൃഷിയോട് ആഭിമുഖ്യം വരുത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്റർ, തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചർ

എഞ്ചിനിയറിംഗ് ആന്റ് ടെക്നോളജി എന്നിവിടങ്ങളിൽ പരിശീലനം നൽകി വരുന്നു. കൂടാതെ എല്ലാ ജില്ലകളിലും ഹൈടെക് കൃഷി ചെയ്യുവാൻ താല്പര്യമുള്ളവർക്ക് പരിശീലനം ലഭ്യമാക്കുന്നതാണ്. ഇതിന് പുറമേ ഹൈടെക് കൃഷിരീതി സാങ്കേതിക വിദഗ്ധരുടെ സേവനം കൃഷി വകുപ്പിലൂടെയും കേരള കാർഷിക സർവ്വകലാശാലയിലൂടെയും ലഭ്യമാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**